بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 22.02.2019 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*22.02.2019 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

**ഇതൊരു പ്രവചനം മാത്രമല്ല. മറിച്ച് ഉഗ്രപ്രതാപിയായ ദൈവം നമ്മുടെ വന്ദ്യപ്രവാചകൻ കാരുണ്യവാനായ മുഹമ്മദ് മുസ്തഫ(സ)യുടെ സത്യതയും മഹത്വവും വ്യക്തമാക്കുന്നതിനായി വെളിപ്പെടുത്തിയ ഒരു അതിമഹത്തായ ദിവ്യ ദൃഷ്ടാന്തമാകുന്നു.**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ الرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

തശഹ്ഹുദും തഅവ്വുദും സൂറ: ഫാത്തിഹയും ഓതിയതിനു ശേഷം ഹുസൂർ തിരുമനസ്സ് പറയുകയുണ്ടായി, ഈ ദിവസങ്ങളിൽ മുസ്‌ലിഹ് മൗഊദ് ദിനത്തെ മുൻനിർത്തി ജമാഅത്തുകളിൽ യോഗങ്ങൾ സംഘടിപ്പിച്ചു വരികയാണ്. അതായത്, അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദിന്(അ) ഒരു വാഗ്ദത്ത പുത്രനെക്കുറിച്ചുള്ള സുവാർത്ത നല്കിയ ഒരു പ്രവചനവുമായി ബന്ധപ്പെട്ടതാണ് അത്. അവനെക്കുറിച്ച് അല്ലാഹു പറയുന്നു: ആ പുത്രനെ അവൻ വിവിധങ്ങളായ സവിശേഷതകൾക്ക് ഉടമയാക്കും. അവൻ ദീനിന്റെ സേവനാകും. ദീർഘായുസ്സ് നേടുകയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദൗത്യത്തെ മുന്നോട്ട് നയിക്കുകയും ചെയ്യുന്നതാണ്. ഈ പ്രവചനം 1886 ഫെബ്രുവരി 20 നായിരുന്നു വിളംബരപ്പെടുത്തിയത്.അത് ഹദ്റത്ത് മസീഹ് മൗഊദിന്(അ) ലഭ്യമായിരുന്ന ദൈവസഹായത്തിനും അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിനുമുള്ള വളരെ വലിയ അടയാളമായിരുന്നു. അങ്ങനെ ആ കുട്ടിയുടെ ജനനവുമായി ബന്ധപ്പെട്ട കാലാവധിക്കുള്ളിൽ 1889 ജനുവരി 12 ന് മിർസാ ബശീറുദ്ദീൻ മഹ്മൂദ് എന്ന പേര് നല്കപ്പെട്ട ആ ആൺകുട്ടി ജനിച്ചു. അല്ലാഹു അദ്ദേഹത്തെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ വഫാത്തിന് ശേഷം ഖിലാഫത്തിന്റെ സ്ഥാനത്ത് അവരോധിച്ചു. ഹുസൂർ തിരുമനസ്സ് പറയുന്നു: ഈ പ്രവചനം ഒരു കുട്ടിയുടെ ജനനത്തെ സംബന്ധിച്ചുള്ളതല്ല. മറിച്ച് ഒരു ശ്രേഷ്ഠനായ മകന്റെ ജനനത്തെ കുറിച്ചുള്ള പ്രവചനമായിരുന്നു. അവന്റെ വരവോട് കൂടി ഒരു ആത്മീയ വിപ്ലവത്തിന് അസ്തിവാരമിടുന്നതാണ്. ഇതിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: കണ്ണുകൾ തുറന്ന് നോക്കുക, ഇതൊരു പ്രവചനം മാത്രമല്ല. മറിച്ച് ഉഗ്രപ്രതാപിയായ ദൈവം നമ്മുടെ വന്ദ്യപ്രവാചകൻ കാരുണ്യവാനായ മുഹമ്മദ് മുസ്തഫ(സ)യുടെ സത്യതയും മഹത്ത്വവും വ്യക്തമാക്കുന്നതിനായി വെളിപ്പെടുത്തിയ ഒരു മഹത്തായ ദിവ്യദൃഷ്ടാന്തമാകുന്നു.

യഥാർഥത്തിൽ ഈ അടയാളം മരിച്ചവനെ ജീവിപ്പിക്കുന്നതിനെക്കാൾ നൂറുമടങ്ങ് ഉന്നതവും ഉദാത്തവും മികച്ചതും ശ്രേഷ്ഠവും സമ്പൂർണവുമാകുന്നു. കാരണം മരിച്ചവനെ ജീവിപ്പിക്കുകയെന്നതിന്റെ അർഥം യഥാർഥത്തിൽ ദൈവ സമക്ഷം ദുആ ചെയ്ത് ആത്മാവിനെ തിരിച്ച് വിളിക്കുക എന്നാണ്. ഇവിടെ അല്ലാഹുവിന്റെ അനുഗ്രഹത്താലും ഔദാര്യത്താലും ഹദ്റത്ത് ഖാത്തമുന്നബിയീൻ(സ)ന്റെ ധന്യതയാലും കൃപാലുവായ ദൈവം ഈ വിനീതന്റെ ദുആ സ്വീകരിക്കുകയും അനുഗൃഹീതമായ ഒരു ആത്മാവ് അയക്കുമെന്നും അതിന്റെ ആന്തരികവും ബാഹ്യവുമായ നന്മകൾ ലോകം മുഴുവൻ വ്യാപിക്കുമെന്നും വാഗ്ദാനം നല്കുകയും ചെയ്തിരിക്കുന്നു.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഒരു സാധാരണ ആത്മാവിനു വേണ്ടിയായിരുന്നില്ലചോദിക്കപ്പെട്ടത്, മറിച്ച് ഒരു ദൃഷ്ടാന്തമാണ് ആവശ്യപ്പെട്ടത്. അതിന്റെ ഉത്തരമായി അല്ലാഹു വളരെയധികം സവിശേഷതകൾ അടങ്ങിയ ഒരു മകന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പ് നൽകി. ദീർഘായുഷ്മാനും അതിബുദ്ധിമാനും കാര്യജ്ഞനുമായഒരു ഉജ്ജ്വല പുത്രനെ കുറിച്ച് അറിവ് നല്കി.അവൻ പ്രതാപവും പ്രഭാവവും ഐശ്വര്യവുമുള്ളവനായിരിക്കും. ജനവിഭാഗങ്ങൾ അവനിൽ നിന്ന് അനുഗ്രഹം തേടും. ആന്തരികവും ബാഹ്യവുമായ വിജ്ഞാനത്താൽ അവൻ നിറയ്ക്കപ്പെടും. ദൈവവചനത്തിന്റെ അഥവാ വിശുദ്ധ ഖുർആന്റെ ഗഹനജ്ഞാനം നല്കപ്പെടും. ദൈവദത്തമായ യുക്തി ഉപയോഗിച്ച് അവൻ അതിമഹത്തായ ഖുർആനിക സേവനങ്ങൾക്ക് തൗഫീഖ് നേടുന്നതും അങ്ങനെ ദൈവവചനത്തിന്റെ പദവി ലോകത്ത് വെളിപ്പെടുന്നതാണ്. അവൻ ബന്ധനസ്ഥരുടെ മോചനത്തിന് കാരണമാകും. ലോകം തീ ചൂളക്കു സമാനമാകും. അതായത് അവന്റെ ജീവിത ഘട്ടത്തിൽ ആഗോള യുദ്ധങ്ങൾ നാശം വിതക്കുന്നതാണ്. അത് മുഴു ലോകത്തെയും പൊള്ളിച്ച് കളയുന്നതാണ്. അവൻ ഭൂമിയുടെ അറ്റങ്ങളോളം കീർത്തി പ്രാപിക്കുന്നതാണ്.

ഹുസൂർ തിരുമനസ്സ് പറയുന്നു: അദ്ദേഹത്തിന്റെ വിദ്യാഭ്യാസത്തെ കുറിച്ച് പറയുകയാണെങ്കിൽ, വിശുദ്ധ ഖുർആൻ പാരായണം പഠിച്ചതിന് ശേഷം അദ്ദേഹത്തിന് സ്കൂളിൽ പ്രവേശിച്ച് സാമ്പ്രദായിക വിദ്യാഭ്യാസം നേടുന്നതിനുള്ള അവസരം ലഭിച്ചു. വീട്ടിലുംഅധ്യാപകരിൽ നിന്നും ഉർദു, ഇംഗ്ലീഷ് പഠനത്തിൽ സഹായം ലഭിച്ചു. ഹദ്റത്ത് മുസ്‌ലിഹ്

മൗഊദ്(റ) സ്വയം പറയുന്നു: എന്റെ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ എന്നോട് ഏറ്റവും കൂടുതൽ ഔദാര്യം കാണിച്ചത് ഹദ്റത്ത് ഖലീഫത്തുൽ മസീ ഹ് അവ്വലാണ്. അദ്ദേഹം ഒരു വൈദ്യനായിരുന്നു. പുസ്തകത്തിലേക്ക് അധികനേരം നോക്കുവാൻ എന്റെ ആരോഗ്യസ്ഥിതി അനുവദിച്ചിരുന്നില്ല എന്ന കാര്യം അദ്ദേഹത്തിന് അറിവുള്ളതായിരുന്നു. അതുകൊണ്ട് തന്നെ അദ്ദേഹത്തിന്റെ രീതി ഉണ്ടായിരുന്നത് ഇപ്രകാരമായിരുന്നു. അദ്ദേഹം എന്നെ സമീപത്ത് ഇരുത്തും. എന്നിട്ട് പറയും, മിയാ(കുഞ്ഞേ)! ഞാൻ വായിച്ചു പോകാം,. നീ കേട്ട് കൊണ്ടിരിക്കുക. അതിനു കാരണമിതായിരുന്നു, ബാല്യത്തിൽ എന്റെ കണ്ണുകളിൽ നിറയെ കുരുക്കൾ ബാധിച്ചു. തുടർച്ചയായി മൂന്ന്, നാല് വർഷത്തോളം എന്റെ കണ്ണുകൾ വേദനിച്ച് കൊണ്ടിരുന്നു. കുരുക്കൾ കാരണം ശക്തമായ ബുദ്ധിമുട്ട് അനുഭവപ്പെട്ടു. കാഴ്ച നഷ്ടപ്പെടുമെന്ന് ഡോക്ടർ പറഞ്ഞു. ഈ രോഗത്തിന്റെ കാഠിന്യവും തുടർച്ചയായുള്ള ഉപദ്രവവും കാരണത്താൽ എന്റെ ഒരു കണ്ണിന്റെ കാഴ്ച ഇല്ലാതായി. എന്റെ ഇടത് കണ്ണിന് കാഴ്ച്ചയില്ല. എനിക്ക് വഴികൾ കാണാൻ സാധിക്കും എന്നാൽ പുസ്തകങ്ങൾ വായിക്കാൻ സാധിച്ചിരുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്റെ അധ്യാപകരോട് പറഞ്ഞു: പഠനം അവന്റെ ഇഷ്ടമനുസരിച്ചായിരിക്കും. അവന് എത്ര പഠിക്കണമെന്ന് തോന്നുന്നുവോ അത്ര പഠിക്കട്ടെ. പഠിക്കുന്നില്ലെങ്കിൽ അവനുമേൽ സമ്മർദ്ദം ചെലുത്തരുത്. എന്തുകൊണ്ടെന്നാൽ അവന് പഠനഭാരം വഹിക്കാനുള്ള ആരോഗ്യമില്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ) എന്നോട് പലവട്ടമായി ഇത്രമാത്രമായിരുന്നു പറഞ്ഞത്: വിശുദ്ധ ഖുർആന്റെ തർജ്ജമയും ബുഖാരിയും മൗലവി സാഹിബിൽ നിന്ന് പഠിക്കണം. അദ്ദേഹം ഇങ്ങനെയും പറഞ്ഞിരുന്നു: കുറച്ച് വൈദ്യവും പഠിക്കുക. അത് നമ്മുടെ കുലത്തൊഴിലാകുന്നു.

അദ്ദേഹം പറയുന്നു: മാസ്റ്റർ ഫഖീറുല്ലാഹ് സാഹിബ് ഞങ്ങളുടെ കണക്ക് മാഷായിരുന്നു. ഒരിക്കൽ അദ്ദേഹം എന്നെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് പരാതി ബോധിപ്പിച്ചു: ഹുസൂർ! ഇവൻ ഒന്നും പഠിക്കുന്നില്ല. മദ്രസയിൽ ചിലപ്പോൾ വരും ചിലപ്പോൾ വരില്ല. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പറയുന്നു: ഞാൻ ഓർക്കുന്നു, മാസ്റ്റർ സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുക്കൽ പരാതി പറഞ്ഞ സന്ദർഭത്തിൽ ഞാൻ പേടിച്ച് ഒളിച്ചിരുന്നു. കാരണം ഹദ്റത്ത് മസീഹ് മൗഊദ്(അ) എത്രമാത്രം നീരസപ്പെടുമെന്ന് എനിക്ക് അറിയുമായിരുന്നില്ല. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇക്കാര്യം അറിഞ്ഞപ്പോൾ പറഞ്ഞു: നിങ്ങൾ കുട്ടിയെ ശ്രദ്ധിക്കുന്നുവെന്നത് നിങ്ങളുടെ സന്മനസ്സാണ്. ഇവൻ ചിലപ്പോഴെങ്കിലും മദ്രസയിൽ വരുന്നുണ്ട് എന്ന് നിങ്ങളിൽ നിന്നറിഞ്ഞതിൽ ഞാൻ സന്തോഷിക്കുന്നു. ചിലപ്പോഴെങ്കിലും വരുന്നുവെന്നത് തന്നെവളരെ നല്ല കാര്യമല്ലേ? അവന്റെ ആരോഗ്യം പഠനത്തിനു യോഗ്യമല്ലായെന്ന ധാരണയാണ് എനിക്കുണ്ടായത്. എന്നിട്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പുഞ്ചിരിച്ച് കൊണ്ട് പറഞ്ഞു: നമുക്ക് അവനെ കണക്ക് പഠിപ്പിച്ച് വല്ല പലചരക്ക് കടയും തുറപ്പിക്കാനൊന്നുമില്ലല്ലോ? കണക്ക് അവൻ പഠിച്ചാലുമില്ലെങ്കിലും കുഴപ്പമില്ല. തുടർന്ന് പറഞ്ഞു: നബി(സ)യും സഹാബത്തും ഏത് കണക്കാണ് പഠിച്ചിരുന്നത്.? ഇവൻ മദ്രസയിൽ വരുന്നുണ്ടെങ്കിൽ അത് നല്ല കാര്യം. അല്ലെങ്കിൽ അവനെ നിർബന്ധിക്കരുത്. മാസ്റ്റർ സാഹിബ് അത് കേട്ട് തിരിച്ച് പോയി. എന്നാൽ ഞാൻ ഈ ഇളവ് കൂടുതൽ ഉപയോഗപ്പെടുത്താൻ തുടങ്ങി. പിന്നീട് മദ്രസയിൽ പോകുന്നത് തന്നെ ഉപേക്ഷിച്ചു. ചിലപ്പോൾ മാസത്തിൽ ഒന്നോ രണ്ടോ തവണ മാത്രം പോകുമായിരുന്നു. ചുരുക്കത്തിൽ ഈ രീതിയിലാണ് എന്റെ പഠനം നടന്നിരുന്നത്. യഥാർഥത്തിൽ ഞാൻ നിർബന്ധിതനായിരുന്നു. കുട്ടിക്കാലത്ത് കണ്ണ് രോഗം കൂടാതെ കരളിനും രോഗം ബാധിച്ചിരുന്നു. ആറ് മാസത്തോളം എനിക്ക് ഉഴുന്ന് പരിപ്പിന്റെ വെള്ളമോ ചീരയുടെ വെള്ളമോ നൽകിയിരുന്നു. അതോടൊപ്പം പ്ലീഹവീക്കവും (Spleen)ഉണ്ടായി. Red idoid of mercury, രോഗമുള്ള ഭാഗത്ത് മസ്സാജ്ചെയ്ത് കൊണ്ടിരുന്നു. അതുപോലെ തൊണ്ടയുടെ ഭാഗത്തും മസ്സാജ് ചെയ്തു. കാരണം എനിക്ക് തൊണ്ടവീക്കവും ബാധിച്ചിരുന്നു. ചുരുക്കത്തിൽ കണ്ണുകളിൽ കുരുവും കരളിന് അസുഖവും പ്ലീഹവീക്കത്തിന്റെ ഉപദ്രവവും ഉണ്ടായി. അതോടൊപ്പം പനിയും തുടങ്ങി. അത് വിട്ടൊഴിയാതെ ആറ് മാസം തുടർന്നു. പഠിക്കാൻ ആഗ്രഹിക്കുന്നത്ര പഠിക്കട്ടെ കൂടുതൽ നിർബന്ധം ചെലുത്തേണ്ടതില്ല എന്ന് മുതിർന്നവർ തീരുമാനിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ എന്റെ വിദ്യാഭ്യാസ യോഗ്യതയുടെ അവസ്ഥ എന്തായിരിക്കുമെന്ന് എല്ലാവർക്കും അനുമാനിക്കാനാകുന്നതാണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ എപ്പോഴും എന്നോട് പറഞ്ഞിരുന്നത്, മിയാ! നിനക്ക് തനിച്ച് പഠിക്കാനുള്ള ആരോഗ്യമില്ല. അതു കൊണ്ട് നീ എന്റെ അടുത്ത് വരിക.ഞാൻ വായിക്കാം നീ കേട്ട് കൊണ്ടിരിക്കുക. അദ്ദേഹം വളരെ പണിപ്പെട്ട് ആദ്യം ഖുർആൻ പഠിപ്പിച്ചു. ശേഷം ബുഖാരി പഠിപ്പിച്ചു. എന്നാൽ അദ്ദേഹം സാവധാനത്തിലായിരുന്നില്ല എന്നെ ഖുർആൻ പഠിപ്പിച്ചത്. അദ്ദേഹം ഖുർആൻ വായിക്കുകയും കൂടെ തന്നെ തർജമ ചെയ്യുകയുമായിരുന്നു അദ്ദേഹത്തിന്റെ രീതി. ആവശ്യമായി തോന്നുന്ന കാര്യം എന്തെങ്കിലുമുണ്ടെങ്കിൽ പറഞ്ഞു തരുമെന്നല്ലാതെ അദ്ദേഹം വേഗത്തിൽ പഠിപ്പിച്ചു പോകുമായിരുന്നു. അദ്ദേഹം മൂന്ന് മാസം കൊണ്ട് എന്നെ ഖുർആൻ മുഴുവനും പഠിപ്പിച്ചു കഴിഞ്ഞിരുന്നു.ഞാൻ വൈദ്യവും അദ്ദേഹത്തിൽ നിന്ന് പഠിച്ചിരുന്നു. അതുപോലെ ഖുർആന്റെ തഫ്സീറും പഠിച്ചു. ഖുർആന്റെ തഫ്സീർ അദ്ദേഹം രണ്ട് മാസം കൊണ്ട് പൂർത്തിയാക്കി. അദ്ദേഹം എന്നെ അടുത്തിരുത്തി ചിലപ്പോൾ പകുതി അല്ലെങ്കിൽ മുഴുവൻ ജുസുഇന്റെ അർഥം വായിച്ച് കേൾപ്പിച്ചു. ചില ആയത്തുകളുടെ വിശദീകരണവും നല്കിയിരുന്നു. അതുപോലെ തന്നെ ബുഖാരിയും അദ്ദേഹം രണ്ട്, മൂന്ന് മാസം കൊണ്ട് പൂർത്തിയാക്കി. ഒരിക്കൽ റമദാൻ മാസത്തിൽ വിശുദ്ധ ഖുർആന്റെ മുഴുവൻ ദർസും നല്കി. അതിലും ഞാൻ പങ്കെടുത്തിരുന്നു. ചില അറബി മാസികകളും അദ്ദേഹത്തിൽ നിന്ന് പഠിക്കാൻ സാധിച്ചു. ചുരുക്കത്തിൽ ഇതായിരുന്നു എന്റെ പഠന നിലവാരം.

ഹുസൂർ തിരുമനസ്സ് പറയുന്നു: അദ്ദേഹത്തിന്റെ പ്രഭാഷണ

ങ്ങൾ, ഗ്രന്ഥങ്ങൾ, അദ്ദേഹത്തിന്റെ ഖുർആൻ തഫ്സീർ എന്നിവ അല്ലാഹുവാണ് അദ്ദേഹത്തെ പഠിപ്പിച്ചതെന്നതിന് സാക്ഷിയാകുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കാലത്ത് 1906ൽ അദ്ദേഹം ജൽസയിൽ ആദ്യമായി പൊതുപ്രഭാഷണം നടത്തി. ഹദ്റത്ത് ഖാസി മുഹമ്മദ് സഹൂറുദ്ദീൻ അക്മൽ സാഹിബ് (റ) പറയുന്നു: പ്രവാചക ഗോപുരത്തിലെ മിന്നുന്ന നക്ഷത്രം, റിസാലത്തിന്റെ കൊടുമുടിയിൽ തിളങ്ങുന്ന പവിഴവുമായ മഹ്മൂദ് (സല്ലമഹുല്ലാഹുൽ വദൂദ്) ശിർക്കിനെ കുറിച്ച് പ്രഭാഷണം നടത്തുന്നതിനായി എഴുന്നേറ്റു. അതിനെ കുറിച്ച് വിവരിക്കാൻ വാക്കുകളില്ല.അതിശക്തമായി ഒഴുകിവന്ന വാഗ്ചാതുരിയുടെ പ്രവാഹമായിരുന്നു അത്. ഈ ചെറുപ്രായത്തിലും അദ്ദേഹത്തിന്റെ വീക്ഷണങ്ങളിലെ ദൃഢത അദ്ഭുതം തന്നെയായിരുന്നു. ഇതും ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ സത്യസാക്ഷ്യത്തിന്റെ ഒരു തെളിവായി ഞാൻ മനസ്സിലാക്കുന്നു. മസീഹിയത്തിന്റെ തണലിൽ ശിക്ഷണം ലഭിച്ച മാണിക്യത്തിന് എത്ര കണ്ട് ഉയർന്ന സ്ഥാനം കരസ്ഥമാക്കാൻ സാധിച്ചുവെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. അദ്ദേഹം ആത്മീയമായ ഔന്നത്യത്തിൽഅസാധാരണമാം വിധം വിഹരിച്ചു.

ആ കാലഘട്ടത്തിലെ അദ്ദേഹത്തിന്റെ മതപരമായ പ്രവർത്തനങ്ങളും ആവേശവും, ബുദ്ധിപരവും ആത്മീയപരവുമായ വളർച്ചയും വ്യക്തമാക്കുന്നത്, അവൻ ദ്രുതഗതിയിൽ വളരുന്നതാണ് എന്ന പ്രവചനത്തിലെ വാക്കുകൾ അദ്ദേഹത്തിൽ തന്നെ പുലർന്നിരിക്കുന്നു എന്നാണ്. ഹദ്റത്ത് മസീഹ് മൗഊദും(അ) അദ്ദേഹത്തിന് മതകാര്യങ്ങളിലുണ്ടായിരുന്ന ആഭിമുഖ്യം മനസ്സിലാക്കിയിരുന്നു. അദ്ദേഹം പറയുന്നു: പലപ്പോഴും മിയാ മഹ്മൂദിന്റെ ദീനി ആവേശം കണ്ട് നാം അദ്ദേഹത്തിനു വേണ്ടി പ്രത്യേകമായ ദുആകൾ ചെയ്യാറുണ്ട്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് എഴുതിയ സീറത്തിൽ ഒരിടത്ത് അദ്ദേഹം ഇപ്രകാരം എഴുതുന്നു: ഒന്നാം ഖിലാഫത്തിന്റെ പ്രാരംഭ കാലത്ത് അദ്ദേഹത്തിന് 19 വയസ്സായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ വഫാത്ത് സമയത്ത് അദ്ദേഹം 26-ാം വയസ്സിൽ പ്രവേശിച്ചിരുന്നു. ആ യൗവന കാലഘട്ടത്തിലും അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെയും എഴുത്തിന്റെയും ശൈലി എന്തായിരുന്നുവെന്ന് മനസ്സിലാകുവാൻ ചില ഉദാഹരണങ്ങൾ സമർപ്പിക്കുകയാണ്. അദ്ദേഹത്തിന്റെ ചിന്താഗതികളും വിചാരങ്ങളും ഒരു താത്വികന്റേതിനു സമാനം ദൃഢമായി മാറിയിരുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ പ്രഭാവവും ആകർഷണവും ആത്മാർഥതയും വേദനയും കലർന്നവയായിരുന്നു.സംഭാഷണത്തിൽ അല്പം പോലും വളച്ചുകെട്ടലുകൾ ഉണ്ടായിരുന്നില്ല. എഴുത്തുകൾ സങ്കീർണതകളില്ലാത്തവയുമായിരുന്നു. പ്രഭാഷണം സ്വാഭാവികമായ ഒഴുക്കോടുകൂടിയതായിരുന്നു. രചനകൾ സുഗമമായ നദീ പ്രവാഹമായിരുന്നു. അവ രണ്ടും ഖുർആന്റെ ജ്ഞാനവിജ്ഞാനങ്ങളുടെ ജലത്താൽ നിറഞ്ഞതും ഒരേസമയം ബുദ്ധിയെയും മനസ്സിനെയും തൃപ്തമാക്കുകയും ചെയ്തിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ വഫാത്ത് സമയത്ത് 19-ാം വയസ്സിൽ അദ്ദേഹം നിർവഹിച്ച പ്രഭാഷണത്തെ കുറിച്ച് ഹദ്റത്ത് മൗലവി ശേർ അലി സാഹിബ്(റ) പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദിന്റെ(അ) വഫാത്തിന് ശേഷം നടന്ന ആദ്യ ജൽസയുടെ അവസരത്തിൽ നടത്തിയ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനിയുടെ പ്രഭാഷണത്തെ കുറിച്ചാണ് ഞാൻ വിവരിക്കാൻ ആഗ്രഹിക്കുന്നത്. ഈ ജൽസ മദ്രസ അഹ്മദിയ്യായുടെ അങ്കണത്തിലാണ് സംഘടിപ്പിക്കപ്പെട്ടത്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) അദ്ദേഹത്തിന്റെ വലത് ഭാഗത്ത് വേദിയിൽ ഉപവിഷ്ടനായിരുന്നു. ഈ പ്രഭാഷണത്തെ കുറിച്ച് വിവരിക്കേണ്ട രണ്ട് കാര്യങ്ങളുണ്ട്. ഒന്നാമതായി ആ സമയത്തുള്ള അദ്ദേഹത്തിന്റെ ശബ്ദവും പ്രസംഗ രീതിയും ശൈലിയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ശബ്ദത്തോടും പ്രസംഗ ശൈലിയോടും എത്രമാത്രം സാമ്യത പുലർത്തിയിരുന്നുവെന്നാൽ അത് കേട്ട എല്ലാവരുടെയും ഉള്ളിൽ അല്പനാൾ മുമ്പ് വിട്ടകന്ന ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ സ്മരണകൾ ഉണർത്തിയിരുന്നു. ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ശബ്ദം അദ്ദേഹത്തിന്റെ വാഗ്ദത്ത പുത്രന്റെ ചുണ്ടുകളിൽ നിന്ന് പുറപ്പെട്ടപ്പോൾ ശ്രോതാക്കൾക്ക് ഏതോ ഗ്രാമഫോണിൽ നിന്ന് കണ്ണെത്താദൂരത്തുള്ള വ്യക്തിയുടെ ശബ്ദം കേൾക്കുന്നതായി അനുഭവപ്പെട്ടു. അതു കാരണം അവരുടെ കണ്ണുകൾ ഈറനണിഞ്ഞു. അവിടെ കണ്ണീർ പൊഴിച്ചവരിൽ ഒരാൾ ഈ വിനീതനാണ്. രണ്ടാമതായി, വിശുദ്ധ ഖുർആനെ ആഴത്തിൽ മനസ്സിലാക്കാൻ ആയുസ്സ് മുഴുവനും വിനിയോഗിക്കുകയും അതുപോലെ ഖുർആനെ ആത്മീയ ഭക്ഷണമാക്കി മാറ്റുകയും ചെയ്ത ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) ആ പ്രസംഗം അവസാനിച്ചപ്പോൾ എഴുന്നേറ്റു നിന്നുകൊണ്ട് പറഞ്ഞു: മിയാൻ വിവരിച്ച ചില ആയത്തുകളുടെ തഫ്സീർ എനിക്കും പുതുമയുള്ളതായിരുന്നു. ഈ യുവാവിന് ഈ പരിജ്ഞാനം നല്കിയതാരാണ്? വിശുദ്ധ ഖുർആനിൻ ഹദ്റത്ത് യൂസുഫ്(അ)നെ കുറിച്ചും പറയപ്പെട്ടിരിക്കുന്നു.

وَلَمَّا بَلَغَ أَشُدَّهُ آتَيْنَاهُ حُكْمًا وَعِلْمًا ۚ وَكَذَٰلِكَ نَجْزِي الْمُحْسِنِينَ ﴿٢٣﴾

അവന് പ്രായപൂർത്തി ആയപ്പോൾ നാം അവന് വിജ്ഞാനവും വിവേകവും പ്രദാനം ചെയ്തു . ഇവ്വിധം നാം ഔദാര്യം ചെയ്യുന്നവർക്ക് പ്രതിഫലം നല്കുന്നു. പൊതുവിൽ വിവരിക്കപ്പെടുന്ന ബുദ്ധിപരവും വിവേകപരവുമായ കാര്യങ്ങളല്ല അദ്ദേഹം വിവരിച്ചത്. മറിച്ച് വിശുദ്ധ ഖുർആനിൽ ഒളിഞ്ഞ് കിടന്ന ജ്ഞാനങ്ങളാണ് വിവരിച്ചത്. അല്ലാഹു വിശുദ്ധ ഖുർആനെ കുറിച്ച് പറയുന്നു. لَا يَمَسُّهُ إِلَّا الْمُطَهَّرُونَ ﴿٨٠﴾ പരിശുദ്ധത ആർജിച്ച ആളുകളൊഴികെ മറ്റാരും അതിനെ സ്പർശിക്കുകയില്ല. അതിനാൽ കൗമാരപ്രായത്തിന്റെ ഏകാന്തതയിൽ നിന്ന് പുറത്ത് വന്നയുടൻ തന്നെ ജനങ്ങളുടെ മുന്നിൽ അദ്ദേഹം അവതരിപ്പിച്ച വിശുദ്ധ ഖുർആന്റെ തിളക്കമാർന്നതും പുതുമ നിറഞ്ഞതുമായ പരിജ്ഞാനം, അദ്ദേഹത്തിന്റെ കൗമാരം അല്ലാഹുവിന്റെ പ്രത്യേകമായ ശിക്ഷണത്തിൽ കഴിച്ചുകൂടുന്നതിനുള്ള തെളിവാണ്. അദ്ദേഹം ബാല്യത്തിൽ തന്നെ പരിശുദ്ധരുടെ ഗണത്തിൽ ഉൾപ്പെട്ടിരുന്നു.

ചെറുപ്രായത്തിൽ തന്നെ അദ്ദേഹത്തിന്റെ ആരാധനകളുടെ നിലവാരമെന്തായിരുന്നുവെന്ന് വിവരിച്ച് കൊണ്ട് ശയ്ഖ് ഗുലാം അഹ്മദ് സാഹിബ് വാഇദ്(റ) ഒരു സംഭവം വിവരിക്കു

ന്നു. ഒരിക്കൽ, ഇന്നു രാത്രി മസ്ജിദ് മുബാറാക്കിൽ കഴിച്ച് കൂടി ഏകാന്തതയിൽ തന്റെ ഉടമസ്ഥനോട് ആഗ്രഹിക്കുന്ന തെന്തും ചോദിക്കാമെന്ന് കരുതി മസ്ജിദിൽ എത്തിയപ്പോൾ കാണുന്നത് ഏതോ ഒരു വ്യക്തി സുജൂദിൽ കിടക്കുന്നതാണ്. യാചനയോട് കൂടി ദുആ ചെയ്യുന്നു. ആ യാചന കാരണം എനിക്ക് നമസ്കരിക്കാൻ സാധിച്ചില്ല. അയാളുടെ ദുആ എന്നിൽ സ്വാധീനം ചെലുത്താൻ തുടങ്ങി. ഞാനും ഇപ്ര കാരം ദുആ ചെയ്തു. അല്ലാഹുവേ! ഈ വ്യക്തി എന്തൊ ന്നാണ് നീന്നോട് ചോദിക്കുന്നത് അത് അയാൾക്ക് നീ നൽ കിയാലും. ആ വ്യക്തി തല ഉയർത്തുമ്പോൾ ആരാണെന്ന് അറിയാൻ വേണ്ടി ഞാൻ കാത്ത് നിന്ന് എന്റെ കാലുകൾ വേദനിക്കാൻ തുടങ്ങി. അങ്ങനെ തല ഉയർത്തിയപ്പോൾ ഞാൻ കണ്ടു. അത് മിയാ മഹ്മൂദ് അഹ്മദ് സാഹിബായി രുന്നു. ഞാൻ സലാം പറഞ്ഞ് കൈകൊടുത്തു. മിയാ! നീ ഇന്ന് എന്തൊക്കെയാണ് അല്ലാഹുവിൽ നിന്ന് ചോദിച്ച് വാങ്ങിയത്?അദ്ദേഹം പറഞ്ഞു: ഞാൻ ചോദിച്ചത് ഇതാണ്, അല്ലാഹുവേ! എന്റെ കൺമുമ്പാകെ ഇസ്‌ലാമിനെ പുനരു ജ്ജീവിപ്പിച്ച് കാണിച്ചാലും. ഇതും പറഞ്ഞ് അദ്ദേഹം അക ത്തേക്ക് പോയി. ഇസ്‌ലാമിന്റെ വിജയ സുദിനം തന്റെ നേത്ര ങ്ങളാൽ കാണണമെന്ന അടങ്ങാത്ത ആഗ്രഹം ചെറുപ്രായ ത്തിൽ തന്നെ അദ്ദേഹത്തിന്റെ ഹൃദയത്തിൽ സ്ഥാനം പിടി ച്ചിരുന്നു. അതു കൊണ്ട് തന്നെയാണ് അല്ലാഹു അദ്ദേഹ ത്തെ ഖിലാഫത്തിന്റെ പുതപ്പണിയിച്ചത്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) തശ്ഹീദുൽ അദ്ഹാനിൽ അദ്ദേഹം 1909 ൽ എഴുതിയതന്റെ ഒരു ദുആയെ കുറിച്ച് പരാമർശിക്കുന്നു. അദ്ദേഹം ദൈവസമക്ഷം അർഥന നടത്തി കൊണ്ട് പറയുന്നു: അല്ലയോ എന്റെ നാഥാ! ഞാൻ അങ്ങേയറ്റം വേദന നിറഞ്ഞ ഹൃദയത്തോടെയും യഥാർഥ അസ്വസ്ഥതയോടെയും കൂടി നിന്റെ മുന്നിൽ കുനിയുകയും കുമ്പിടുകയും ചെയ്യുന്നു. എന്റെ ദുആ സ്വീകരിക്കണമെന്നും എന്റെ വിളി കേൾക്കണമെന്നും ഞാൻ അപേക്ഷിക്കുന്നു. പരിശുദ്ധനായ എന്റെ നാഥാ!നശിച്ച് കൊണ്ടിരിക്കുന്ന എന്റെ സമുദായത്തെ നാശത്തിൽ നിന്ന് രക്ഷിച്ചാലും. ഹൃദയം പരിശുദ്ധമാകാതെയും നിന്നോടുള്ള സ്നേഹത്തിൽ ഉന്മത്ത രാകാതെയും അഹ്മദിയെന്ന് പറയപ്പെടുന്നവരുമായി എനി ക്ക് എന്ത് ബന്ധം? എന്റെ നാഥന്റെ റഹ്മാനിയത്തും റഹീമിയ ത്തും ആവേശം കൊള്ളുകയും അങ്ങനെ പരിശുദ്ധരാക്കപ്പെ ടുകയും ചെയ്തവർ ഒഴികെ. സഹാബാക്കളെ പോലുള്ള ആവേശവും ആരവവും അവരിൽ സൃഷ്ടിക്കണമേ. അവർ നിന്റെ ദീനിന് വേണ്ടി വേവലാതിപ്പെടുമാറാകണേ. അവ രുടെ കർമ്മങ്ങൾ അവരുടെ വാക്കുകളെക്കാൾ ഉന്നതവും ശുദ്ധവുമാക്കി മാറ്റേണമേ. അവർ നിന്റെ പ്രിയ മുഖത്തിനായി ത്യാഗം വരിക്കുന്നവരാക്കണമേ. അവരെ നബിയിൽ അനുര ക്തരാക്കേണമേ. നിന്റെ മസീഹിന്റെ ദുആയുടെ അവകാശിക ളാക്കണമേ. അദ്ദേഹത്തിന്റെ പരിശുദ്ധവും സത്യപൂർണ വുമായ അധ്യാപനങ്ങൾ അവരുടെ ഹൃദയത്തെ ആഴത്തിൽ സ്പർശിക്കുമാറാക്കണേ. എന്റെ നാഥാ! എന്റെ സമൂഹത്തെ എല്ലാ വിധ പരീക്ഷണത്തിൽ നിന്നും പ്രയാസത്തിൽ നിന്നും രക്ഷിക്കേണമേ. വിവിധങ്ങളായ ആപത്തുകളിൽ നിന്നും സംരക്ഷിക്കേണമേ. അവരിൽ വലിയ മഹാന്മാരെ ജനിപ്പി ക്കേണമേ. നീ ഇഷ്ടപ്പെടുന്ന ഒരു സമൂഹമായി ഇവരെ മാറ്റ ണമേ. പ്രത്യേക വിഭാഗമായി നീ ഇവരെ മാറ്റേണമേ. പൈ ശാചിക ഉപദ്രവങ്ങളിൽനിന്ന് സംരക്ഷിക്കേണമേ. അവരിൽ എപ്പോഴും മലക്കുകൾ അവതരിച്ച് കൊണ്ടിരിക്കുകയും ചെ യ്യേണമേ. ഈ സമൂഹത്തിന് ദീനിലും ദുൻയാവിലും അനു ഗ്രഹം നല്കേണമേ.

അവസാനം ഹുസൂർ തിരുമനസ്സ് ദുആ ചെയ്തുകൊണ്ട് പറഞ്ഞു: അല്ലാഹു അദ്ദേഹത്തിനു മേൽ ആയിരമായിരം കാരുണ്യം വർഷിക്കുമാറാകട്ടെ. നമുക്ക് അദ്ദേഹത്തിന്റെ വേദ നാനിർഭരമായ ദുആ മനസ്സിലാക്കാനും അതുപോലെ പ്രവർ ത്തിക്കാനും അഹ്മദി ആയതിന്റെ ഉദ്ദേശ്യം പൂർത്തീകരിക്കു വാനുമുള്ള തൗഫീഖ് നല്കുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon delivered by **Hadrat Khalifathul Masih Al-khamis** (atba)
at Baithul Futuh,London – on 22.02.2019
Malayalam Translation : **Hashim Ashraf,** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516